032:1N036xH1 VISWAPREMAM. AVARA.

032:1N036C
H76

MUL
165488

# വിശ്വപ്രേമം

1117.

വിദ്വാൻ എം. ഒ. അവരാ.

Mrs. M.O. Avarah,
Valluvally,
N. Parur.

വില 12 അണ.]

പകൎപ്പവകാശം

ഒന്നാംപതിപ്പ് പ്രതികൾ 500.

165488
38416
032:1N036x
H1

എല്ലാ പ്രതികളിലും ഗ്രന്ഥകാരന്റെ അടയാളമുണ്ടായിരിക്കും.

# മുഖവുര.

ക്രിസ്തുവിൻെറ വിശേഷാത്തരമായ പ്രേമത്തെ പുരസ്കരിച്ചു് വിവിധ ദ്രാവിഡവൃത്തങ്ങളിലായി ഒരു കവിതയെഴുതണമെന്നു്, Dr. പി. ജെ. തോമസ്സ് അവർകൾ, എൻെറ ആദ്യകൃതിയായ 'മഹാത്യാഗി'യ്ക്കു് അവതാരിക എഴുതിത്തന്ന അവസരത്തിൽ, എന്നോടു് ഉപദേശിയ്ക്കുകയുണ്ടായി. സാഹിത്യരസികനും, സമുദായസ്നേഹിയുമായ ആ മഹാശയൻെറ നിർദ്ദേശമാണു്, ഈ ലഘുകാവ്യരചനയ്ക്കു പ്രധാനമായി എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്.

'വിശപ്രേമ'ത്തിലെ ഇതിവൃത്തം, ബൈബിളിലെ സുപ്രശസ്തമായ "തിരുവത്താഴ"(Last Supper) മാകുന്നു. 'The Story of Christ' By Giovanni Papini എന്ന ഗ്രന്ഥമാണു് ഇക്കാവ്യരചനയിൽ എനിക്കു മാർഗ്ഗദർശനം ചെയ്തിട്ടുള്ളതു്. കഥാഗതിക്കു വ്യത്യാസം വരാത്തവണ്ണം സന്ദർഭയുക്തങ്ങളായ ചില ഭാഗങ്ങൾ ഞാൻ കൂട്ടിച്ചേർത്തിട്ടുമുണ്ടു്.

ഇതിൻെറ കയ്യെഴുത്തുപ്രതി വായിച്ചു് പാഠാന്തരങ്ങളും പ്രയോഗഭേദങ്ങളും നിർദ്ദേശിച്ചുതന്നു് എന്നെ സഹായിച്ചിട്ടുള്ള സുഹൃത്തുക്കളോടും അവതാരികാദി അമൂല്യങ്ങളായ അഭിപ്രായവിശേഷങ്ങൾ കൊണ്ടു് വിശപ്രേമത്തെ അനുഗ്രഹിച്ച മഹാത്മാക്കളോടും ഞാൻ വിനയപൂർവ്വം കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

15—2—1117.

ഗ്രന്ഥകർത്താ.

# ആമുഖം.

പ്രശസ്തകവിയായ എം. ഒ. അവരാ അവർകൾ സ്നേഹപൂർവ്വം അയച്ചുതന്ന 'വിശ്വപ്രേമം' കയ്യെഴുത്തുപുസ്തകം ഞാൻ ആപാദചൂഡം വായിച്ചുനോക്കി. മഞ്ജര്യാദി വിവിധവൃത്തങ്ങളെ ആശ്രയിച്ച് ലോകാചാര്യനായ യേശുക്രിസ്തുവിൻെറ പ്രസിദ്ധമായ ചരിതം ഈ കൃതിയിൽ ഗ്രന്ഥനംചെയ്തിരിക്കുന്നു. സഹൃദയന്മാരേയും സന്മാർഗ്ഗനിരതന്മാരേയും പ്രകഷേണ ക്രിസ്തുമതഭക്തന്മാരേയും അത്യന്തം രസിപ്പിക്കുന്നതും ഉത്തമവും ആയ ഒരു പ്രബന്ധമാണ് വിശ്വപ്രേമമെന്നു പറയുന്നതിന് എനിക്ക് അസാധാരണമായ സന്തോഷമുണ്ട്. ശ്രീമാൻ അവരായുടെ പൂർവ്വകൃതികളിൽ ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുകാണുന്ന കവിതാഗുണങ്ങൾ പ്രസ്തുത കൃതിയിൽ ഏററവും ഉയൎന്ന ഒരു. സ്ഥാനത്തു പ്രവേശിച്ചു ശോഭിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

വിവക്ഷിതാശയപ്രകാശന കുശലങ്ങളായ പദങ്ങളുടെ സമ്പത്തും അതിനെ ഔചിത്യബോധത്തോടുകൂടി പ്രയോഗിക്കുവാനുള്ള പാടവവും ശ്രീമാൻ അവരായ്ക്കു സ്വാധീനമായിട്ടുണ്ട്. രസാലങ്കാരാദിനിവേശനത്തിൻെറ കാര്യത്തിലും നമ്മുടെ കവി ശ്ലാഘ്യനായിരിക്കുന്നു. ശയ്യാസാരള്യം, പാകമാധുര്യം, പ്രസാദഭൂയിഷ്ഠത മുതലായവയും ശ്രീമാൻ അവരായ്ക്കു വശം

വദങ്ങളായ ഗുണങ്ങളാണ്. കവിയുടെ ഏതാദൃശങ്ങളാ
യ ഗുണങ്ങൾ വിശ്വപ്രേമത്തിൽ ഉൽകഷേണ പരി
ശോഭിക്കുന്നുണ്ടെന്ന് അഭിപ്രായപ്പെടുന്നതിന് എനി
ക്ക് യാതൊരു ശങ്കയും തോന്നുന്നില്ല. ഈ വിഷയത്തിൽ
വിശ്വപ്രേമം തൻെറ പൂൎവ്വസഹോദര പ്രബന്ധ
ങ്ങളെ അതിശയിച്ചുനില്ക്കുന്നു എന്നുതന്നെ പറയണം.

സന്മാൎഗ്ഗതത്വങ്ങളുടെ പ്രതിപാദനംകൊണ്ടും
ആശയരമ്യതകൊണ്ടും അലങ്കാര നിബന്ധനംകൊണ്ടും
അധികം ഹൃദയാവൎജ്ജകങ്ങളായ പല ഭാഗങ്ങളും ഈ
കാവ്യത്തിൽ ഉണ്ട്. "അതുനാളേശുവും സ്വശിഷ്യ
വൎഗ്ഗവും" എന്നു തുടങ്ങുന്നതുമുതൽ ക്രിസ്തുവിൻെറ
യും ശിഷ്യന്മാരുടേയും സമാഗമത്തേയും ആ വിശ്വഗു
രുവിൻെറ ഉപദേശങ്ങളേയും പ്രതിപാദിക്കുന്ന ഭാഗം
അവയിൽ പ്രഥമഗണനീയമാകുന്നു. ക്രിസ്തു ശിഷ്യന്മാ
ൎക്കു ചെയ്യുന്ന തത്വോപദേശത്തെ ഈ പ്രകൃതത്തിൽ
കവി, ഗംഭീരമായും സരസമായും വിവരിച്ചിരിക്കുന്നു.
അലങ്കാരസുന്ദരമായ ഒന്നാണ് "ചന്ദ്രവക്ത്രവും താ
രകഹാരവും..................ചാൎത്തിയും" എന്ന ഭാഗം.
"അപകാരം ചെയ്യോൎക്കുപകാര......................
......കെന്നുമേ." എന്നതു് സദുപദേശസമുജ്വലമായ
ഒരു ഈരടിയാണ്. "ഉപകാരപ്രധാനസ്സ്യാ-ദപകാര
പരേപ്യരൗ," എന്ന ആചാൎയ്യോപദേശത്തെ ഈ

വരികൾ സ്മരിപ്പിക്കുന്നു. സന്ദർഭാനുസരണം വിവിധങ്ങളായ ലോകവ്യവഹാരധർമ്മങ്ങളേയും കാവ്യത്തിൽ നിബന്ധിച്ചു ചേർത്തിട്ടുണ്ടു്. വിസ്തരഭയത്താൽ കൂടുതൽ ഉദാഹരണങ്ങൾ കാണിക്കുന്നില്ല. ഉദാഹൃതാംശങ്ങളെപ്പോലെതന്നെ വിശിഷ്ടങ്ങളായ പല ഭാഗങ്ങളും വിശ്വപ്രേമത്തിൽ വേറേയും ഉണ്ടെന്നുമാത്രം ചുരുക്കി പറഞ്ഞുകൊള്ളുന്നു.

കവിയുടെ അന്യാദൃശമായ ഈശ്വരഭക്തി വിശ്വപ്രേമത്തിൽ ഏതു് അംശത്തിലും തെളിഞ്ഞു വിളയാടുന്നുണ്ടു്. ക്രിസ്തുവിനെക്കുറിച്ചു പ്രതിപാദിക്കുന്ന സന്ദർഭങ്ങൾ നേരിടുമ്പോഴാണു് കവിയുടെ ഭക്തിനിർഝരിക അനിയന്ത്രിതമായവിധം കരകവിഞ്ഞൊഴുകിക്കാണുന്നതു്.

"യേശുവാമാചാര്യൻ..................

ഭൂമിയിൽനിന്നകററാനൊരുങ്ങി." എന്നിങ്ങനെ പല ഭാഗങ്ങളും പ്രകൃതത്തിൽ ഉദാഹരണയോഗ്യങ്ങളാകുന്നു. 'വിററു പാപി' എന്ന ഭാഗത്തിൽ ഖലനിന്ദനദ്വാരാ വ്യഞ്ജിപ്പിച്ചിരിക്കുന്ന ഭക്തിയുടെ ഉല്ക്കർഷം കുറെയേറെ ആസ്വാദ്യമായിട്ടുണ്ടു്. മതഭക്തന്മാർക്കു വിശേഷേണ വിശ്വപ്രേമം ആനന്ദജനകമായിരിക്കുമെന്നാണു് എൻെറ വിശ്വാസം. പല സന്ദർഭങ്ങളിലും പ്രേമമാഹാത്മ്യത്തെ ഗാനംചെയ്യുന്നതുകൊണ്ടു് വിശ്വപ്രേമം അന്വർത്ഥനാമകമായ ഒരു കൃതിയെന്നും പറയേണ്ടതാകുന്നു.

ശ്രീമാൻ ആവരായുടെ ഈ സത്തമമായ സാഹിത്യസന്താനത്തെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അതിനു മേലിൽ അനേകം സഹോദരങ്ങൾ ഉണ്ടായിക്കാണുന്നതിനു പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു. ഗ്രന്ഥകർത്താവിനു സാഹിത്യലോകത്തിൽ സർവ്വവിജയങ്ങളും ലഭിക്കുമാറാകട്ടെ.

വൈക്കം,
116 മിഥുനം 6.

എന്നു്,
വടക്കുംകൂർ രാജരാജവർമ്മരാജാ.

"പ്രേമമേ ബലം, കാരുണ്യമേ ഗുണം,
ത്യാഗമേ ജയം, താഴ്മയേ ഭൂഷണം."

എന്നു് കവിതന്നെ ഒടുവിൽ ആവിഷ്കരിക്കുന്ന തത്വത്തെ പ്രസ്തുത കാവ്യം നിർമ്മലമായ ഒരു ദർപ്പണത്തിലെന്നപോലെ പ്രതിഫലിപ്പിക്കുന്നു. അപഥസഞ്ചാരികളെ ആസ്തികതയിലേക്കു നയിക്കുവാൻ പര്യാപ്തങ്ങളായ ഭാഷാകൃതികളുടെ ഇടയിൽ ഇതിനും സ്പൃഹണീയമായ ഒരു സ്ഥാനത്തിനു് അവകാശമുണ്ടെന്നാണു് എൻെറ പൂർണ്ണമായ വിശ്വാസം. ഗ്രന്ഥകാരനു സർവ്വസിദ്ധികളും ഹൃദയപൂർവ്വമായി ആശംസിച്ചുകൊള്ളുന്നു.

Rao Sahib, Mahakavi, Sahityabhushana,
Ullur S. PARAMESWARA AIYAR
M. A., B. L.,
DEVAN PEISHKAR (RETIRED)

SARADANIKETAN,
JAGATI,
Trivandrum, 16-4-'41.

# അഭിപ്രായം.

പ്രേമസ്വരൂപനായ ശ്രീയേശുനാഥൻെറ ലോകസേവനപ്രചോദകമായ 'തിരുവത്താഴ'വൃത്താന്തത്തെ വിശദീകരിക്കുന്ന ഈ 'വിശ്വപ്രേമം' ഞാൻ രണ്ടുമൂന്നാവൎത്തി വായിച്ചുനോക്കി. 'മഹാത്യാഗി' എന്ന ഖണ്ഡകാവ്യംകൊണ്ടുതന്നെ മലയാള സാഹിത്യലോകത്തിൽ സുപ്രതിഷ്ഠിതനായിട്ടുള്ള വിദ്വാൻ എം. ഒ. അവരാ അവർകളുടെ കവിതാനിൎമ്മാണചാതുൎയ്യവും സദാശയപ്രചരണപ്രതിപത്തിയും വിശ്വപ്രേമത്തേയും അത്യന്തം ഭാവനാഭാസുരമാക്കിയിട്ടുണ്ട്. വഴിവിട്ടു വൎണ്ണിച്ചാൽ വഴക്കുപറയാൻ ആളുള്ള ഒരു സമുദായത്തിൻെറ മതഗ്രന്ഥത്തിലെ വിഷയങ്ങൾക്കു കാവ്യരൂപം കൊടുക്കുമ്പോൾ ഉണ്ടാകാവുന്ന വൈഷമ്യങ്ങളെ ശ്രീമാൻ അവരാ അവർകൾ നിഷ്പ്രയാസം തരണം ചെയ്തിരിക്കുന്നതു് അഭിനന്ദനീയമായിരിക്കുന്നു. ഇതിവൃത്തത്തിനു യോജിച്ച ശാന്തരസത്തെ മൃദുലപദാവലികൊണ്ടു് പ്രകാശിപ്പിക്കുന്നതിനും ആസ്വാദ്യതരമാക്കുന്നതിനും ഗ്രന്ഥകാരൻ ചെയ്തിട്ടുള്ള പരിശ്രമം ആദ്യന്തം വിജയപ്രദമായിട്ടുണ്ടു്.

പരിപൂൎണ്ണനാകും നിശാകരനപ്പോൾ

.................................

നടന്നു പൂക്കളെത്തലോടി മാരുതൻ.

ചന്ദ്രവക്ത്രവും താരകഹാരവും

...................................

പല്ലവജാലമാട്ടിനാർ ശാഖികൾ.

എന്നിങ്ങനെ വിശ്വപ്രേമത്തിൽ കാണുന്ന പ്രാകൃതിക വർണ്ണനകൾ അതതു കഥാഘട്ടങ്ങളുടെ മാഹാത്മ്യത്തേയും ഗൌരവത്തേയും വർദ്ധിപ്പിക്കുകയാണു് ചെയ്തിരിക്കുന്നതു്.

വേദപുസ്തകത്തിലെ ഇതിവൃത്തങ്ങളെ അടിസ്ഥാനപ്പെടുത്തി ശ്രീമാൻ അവരാ അവർകൾ ഇതുപോലെ അനേകം ഖണ്ഡകാവ്യങ്ങളെഴുതിക്കാണുന്നതിനു് ആഗ്രഹിക്കുകയും വിശ്വപ്രേമത്തിനു സുജനസമ്മതിയും പ്രചുരപ്രചാരവും സിദ്ധിക്കട്ടെ എന്നു് ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

പുത്തൻകാവു്, 9—10—116.

പുത്തൻകാവ് മാത്തൻതരകൻ
B. O. L. & M. R. S. L.

21 NOV 1955
MADRAS

# വിശ്വപ്രേമം.

I

പൊയ്പ്പോയ കാലമേ, യേശുവാമീശന-
ന്നിപ്പാരിൽ കാണിച്ചൊരത്ഭുതങ്ങൾ
കണ്ട നീ യായതിലൊന്നൊന്നൊക്കാട്ടാനൽ-
ക്കണ്ണുകലൻ ഞാനതൎത്ഥിക്കുന്നോൻ.

പങ്കഹരൻ ക്രിസ്തു ഭൂമിയിലന്ത്യമാ-
മങ്കമഭിനയിച്ചോരു രംഗം,
'ഗാഗുൽത്താ'ശൈലമാ,ണായതിൻ മൗലിയി-
ലാകുന്നാ വേഗേന കേറുക നാം.

അങ്ങു യരുശലം തന്നിലൊരേടത്തു
തിങ്ങുന്ന കൂരിരുളെന്തിതയ്യോ!
അന്തർബ്ബഹിരാന്ധ്യമുണ്ടാക്കും സാത്താന്റെ
ചന്തസ്ഥലമെന്നപോലെ കാൺമൂ!

ദൈവത്തിന്നോരോ ബലികഴിക്കുന്നാവ-
രീ വൻതമസ്സിലിരിപ്പതാരോ?
ശുദ്ധനാമേശുവിൻ ശാസനത്താല്ലേല്ലെ-
ക്രുദ്ധരായ്ത്തീൎന്ന പുരോഹിതന്മാർ,

അന്നാസും കൈഫാസും മററും ഫരിസ്യരു-
മന്യരാം മൂർക്ഖരുമൊത്തുചേർന്നു,
ഗ്രദ്ധമായ് ക്രിസ്തുവെക്കൊല്ലുവാനോരോരോ
കൂടപ്രയോഗങ്ങൾ ചിന്തചെയ്തു.

വിശ്വപ്രിയനാമിവനെപ്പിടിക്കുകിൽ
വിശ്വജനങ്ങളിളകുകില്ലേ?
പോകട്ടെ 'പേസഹാ' പിന്നീടു സൂത്രത്തി-
ലാകട്ടെയിക്കാര്യം സാധിക്കേണം.

ലോകപരിജ്ഞാനംകൂട്ടം മതാചാര്യ-
രാകവേയിങ്ങനെ നിശ്ചയിച്ചു;
യോഗം പിരിയുവാൻപോകുന്ന നേരത്തു
വേഗമങ്ങോട്ടേയ്ക്കു ചെൽവതേവൻ?

അസ്സഭാശാലാസമീപത്തു തൽപദം
നിശ്ചലഭാവമായ് നിന്നിടുന്നു;
ആലോചിച്ചീടാതവനുടെ കണ്ണുകൾ
നാലുഭാഗത്തേയ്ക്കും പാഞ്ഞിടുന്നു;

കയ്യവൻ തന്നുടെ നെഞ്ചോടമരുന്നു;
മെയ്യനങ്ങീടാതെയായിടുന്നു;
'കില്ലിതിന്നെന്തിത്ര ഭീരുവോ പെണ്ണോ ഞാൻ'
തെല്ലിതുമന്ത്രിച്ചു പല്ലിറുക്കി,

നെററി ചുളിച്ചവൻ ദൃഷ്ടി കീഴ്പ്പോട്ടാക്കി
തെറെറന്നു പാദമുറപ്പിൽവച്ചു,
പങ്കമെഴും സഭാസ്ഥാനത്തു കേറിനാൻ
ശങ്കവെടിഞ്ഞു ചെരിപ്പൂരാതെ.

ആഗതൻതന്നെക്കണ്ടന്നാസു ചൊല്ലിനാൻ
"യോഗക്കാർ പോകരുതാരുമിപ്പോൾ.
ക്രിസ്തു ഞാനാണെന്നാഭിമാനിച്ചീടുന്ന
നിസ്വനാം നസ്രായനേതൃവിൻെറ
പന്ത്രണ്ടു ശിഷ്യരിലേകനാം യൂദാസി-
ന്നെന്തിന്നായിങ്ങോട്ടു വന്നതാവോ?

പാവങ്ങൾ ഞങ്ങളെശ്ശിക്ഷിച്ചുകൊള്ളുവാൻ
ദേവനാം നിൻഗുരു ചൊല്ലിവിട്ടോ?"

നിന്ദ്യമാ,മന്നാസിൻ വാക്കുകളൊക്കെയും
നന്നായിക്കേട്ടുകൊണ്ടല്പംനേരം
ധമ്മമൂത്തികളാകും പുരോഹിതർ
തന്മദ്ധ്യേ സൂക്ഷിച്ചുനിന്നാനവൻ.

പാണ്ഡുരശ്യാമമാം നെററിത്തടത്തിലെ-
പ്രസ്വേദം കയ്യാൽ തുടച്ചുനീക്കി,
കമ്പിതമായ തൻഗാത്രമുറപ്പിച്ചി-
ട്ടമ്പരപ്പേശിടാതേവമോതി:—

"അത്ഥവത്തെൻവാക്യം കേൾക്കണമായതു
വ്യത്ഥമാമെന്നു നിനച്ചിടേണ്ട.
അത്ഥവാന്മാരാകും നിങ്ങൾ നിനയ്ക്കുന്നൊ-
രത്ഥത്തെസ്സാധിപ്പിച്ചീടുവൻ ഞാൻ.
അത്ഥൈഷിയാകുമെനിക്കെന്തൊരത്ഥമെൻ-
ഹസ്തത്തിൽ നിങ്ങൾ സമപ്പിച്ചിടും?
നിങ്ങൾ കുടുക്കുവാൻ നിർഭരമാശിക്കും
തുംഗപ്രഭാവനക്കേസരിയെ

തകത്തിൽപ്പഞ്ജരംതന്നുള്ളിലാക്കുവാൻ
മാൎഗ്ഗമൊന്നുത്തമം ചൊല്ലുവൻഞാൻ”
സാത്താൻെറ ചോദനയാലവൻ പിന്നെയു-
മോത്തുനിന്നോതിനാനുഗ്രചിത്തൻ.

“നസ്രായക്കാരനാമേശുവെ ബ്ബന്ധിപ്പാൻ
വിശ്വസ്തബന്ധുഞാൻ നിങ്ങൾക്കോൎപ്പിൻ.”

മോദത്തോടീവാക്യം കേട്ടുടൻ കൈഫാസാ-
‘യൂദാസു’തന്നൊത്തലോടി മന്ദം.

നാരകവഹ്നിതൻ നാളപ്രകാശത്തിൻ
നേരായ പുഞ്ചിരിയോടുകൂടി,
ചൊല്ലിനാ“നല്ലയോ കല്യാണമിത്രമേ
നല്ലതു! നല്ലതു! നല്ലവൻ നീ!!

കഷ്ടം! മയങ്ങിപ്പോയ് ധീമാനാം ‘യൂദാസും’
കള്ളനാം യേശുവിൻ കൺകെട്ടിനാൽ.

ഏവമീ ഞങ്ങളിലുണ്ടായ സങ്കടം
കേവലമെല്ലാമകന്നിതിപ്പോൾ.

ധന്യൻ നീ, ധീമാൻ നീ, മാന്യൻ നീ, മിത്രം നീ
അന്യനൊരാളേവമുണ്ടാകുമോ?

വഞ്ചകനാകുമാ നസ്രേത്തുകാരനെ-
ത്തഞ്ചത്തിൽ ബ്ബന്ധിച്ചാൽപ്പാപമില്ല.
വായുക്കുംവിഷത്തെ വിഷത്താലമൎത്തിടും
വൈദ്യമൂറകൾ നാം കേട്ടിരിപ്പൂ;

ലോകോപകാരിയായ്ത്തീരും ഭവാനുള്ളിൽ
ലേശവും ശോകമുണ്ടാകവേണ്ടാ.
നല്പിയനാങ്ങിന്നു ചെയ്യുന്നകർമ്മത്തിൻ-
സൽഫലമൂഹിക്കപോലുമാമോ?
എങ്കിലും നാംതമ്മിൽ ചെയ്യും കരാറിനി-
ന്നൊന്നെങ്കിലുമൊന്നു കൈമാറേണം.
ഇപ്പോളിതച്ചാരമായ്ത്തന്നുകൊള്ളുന്നേൻ
മുപ്പതു വെള്ളി പിടിച്ചുകൊൾക."

യൂദാസു തന്നെപ്പുകഴ്ത്തിക്കൊണ്ടിങ്ങനെ
യോഗക്കാർ ചൂഴവും ചേൎന്നു നില്ക്കേ,
തപ്പാതെയെണ്ണിക്കൊടുത്തൊരാ വെള്ളികൾ
മുപ്പതുമായവനേറെറടുത്തു,
യേശുവാമാചാര്യൻ തൻകയ്യിലേല്പിച്ച
പേശലസഞ്ചികയ്ക്കുള്ളിലാക്കി.

പാലേകും കയ്യിനു പാഴ്വിഷമേല്പിക്കും
പാപികൾ മൂർക്ഖന്മാരെന്നു ഞായം.

സ്വർഗ്ഗസ്ഥൻ തമ്പുരാൻ യാതൊരു രത്നത്തെ
സ്വസ്തിക്കായ് ഹൃത്തിൽത്താൻ ചാർത്തിടുന്നു,
മൂല്യമകന്നൊരാ ക്രിസ്തുവെക്കേവലം
മുപ്പതു വെള്ളിക്കു വിററു പാപി!
സ്വാർത്ഥത്തെമാത്രം താൻ കാണുന്ന മർത്ത്യന്മാ-
ർക്കുൾക്കണ്ണിന്നന്ധത വന്നുകൂടും.
എണ്ണമകന്നു വിളങ്ങുന്ന നക്ഷത്ര-
പ്പൊൻനാണ്യമൊക്കെയുമൊന്നിച്ചാലും

യാതൊരു ദേവന്റെ ചേരുന്ന മൂല്യത്തി-
ന്നോതൊരു ലേശവുമാകയില്ല,
അപ്പരമാത്മാവാം സത്യസ്വരൂപനെ
മുപ്പതുവെള്ളിക്കു വിററു പാപി!
പാട്ടപെട്ടന്നൊരു ചേടനെപ്പോൽ, നെട്ടം-
പാടത്തെച്ചേറാണ്ട കാളയെപ്പോൽ.

ശർമ്മദപീയൂഷം വിററിട്ടു വാങ്ങുമോ
ദുർമ്മദമുണ്ടാക്കും മദ്യം വിദ്വാൻ?
സാത്താന്റെറമദ്യമാം സ്വാർത്ഥത്താൽ മത്തരായ്
ചിത്തംമയങ്ങിയോരക്ഖലന്മാർ
പ്രേമപീയൂഷകലശമാം യേശുവെ-
ബ്ഭൂമിയിൽനിന്നകററാനൊരുങ്ങി.

ഉള്ളിൽക്കൊട്ടുംനരകാഗ്നിയും കോശത്തി-
ന്നുള്ളിലാ മുപ്പതു വെള്ളിയുമായ്
ഒന്നുമറിയാത്ത ഭാവത്തിൽ യൂദാസ്സും
മന്ദമവിടന്നു പോയ്മറഞ്ഞാൻ.

---

## II

ദിവിഷ്ഠപാർഷദപ്രമാണി 'ഗബ്രിയേൽ'
വിശിഷ്ടൻ 'റപ്പായേൽ' മിഖായേലന്യരും

അനന്തകോടിയായ് വിളങ്ങും മാലാഖാ-
ഗണങ്ങളൊന്നിച്ചങ്ങിണങ്ങിമേളിച്ചു.
വിശാലമാം നാകസഭാതലത്തിങ്കൽ
കൃശാനുശോഭന്മാർ ശുഭാസനങ്ങളിൽ
നിരന്നുമേവിനാർ സുകൃതിചിത്തത്തിൽ
നിരന്തരം പുണ്യവിചാരമാലപോൽ.
കുതുകപൂർണ്ണമാം സഭയൊടീവണ്ണം
ചതുരഭാഷണൻ പറഞ്ഞു ഗബ്രിയേൽ.

"കുറഞ്ഞുഞാനൊന്നു പറഞ്ഞിടുന്നതു
നിറഞ്ഞൊരാദരാൽച്ചെവിക്കൊൾവിൻ നിങ്ങൾ
അനന്തകാരുണ്യ,നനന്തവിജ്ഞാന-
നനന്തമാഹാത്മ്യ,നനന്തവീര്യവാൻ,
ഗുണങ്ങളേതുമേ ഗണിക്കവയ്യാത-
ങ്ങിണങ്ങിടുമേശു വിശുദ്ധദൈവതം
നിരന്തരാഗ ഭാസുരശരീരനായ്
തിരുസഭാമൃത മധുരവാണിയെ
വരിച്ചിടുമിന്നു ദിനാന്തവേളയിൽ
ശരിക്കെഴുംമാർഗ്ഗം നരർക്കുകാട്ടുവാൻ.
മിഴിക്കുടൻ മിഴി, കരത്തിനു കരം,
അടിക്കടിയേവം നടപ്പിതേവരെ.
അപകാരംചെയ്വോർക്കുപകാരങ്ങൾ ചെ-
യ്തപരാധങ്ങളെപ്പൊറുക്കുകെന്നുമേ,
ക്ഷമയാൽ ശക്തനെ, കൃപയാൽ മൂർക്ഖനെ-
ഭമമൊഴിഞ്ഞെന്നും വശീകരിക്കുക.

പവിത്രമായ തൻ ചരിത്രത്താലിതു
ഭുവി വിശദമായ് വെളിപ്പെടുത്തുവാൻ
കരുതിക്കൊണ്ടു തന്നുടൽ മഹേശ്വരൻ
കുരിശിലേററുവാനനുവദിച്ചിടും.

ഭുവനവാസത്തെ വെടിഞ്ഞുനായകൻ
ദിവമായീടുമിബ്ഭവനത്തിലെത്തും
ഗുണനിധി സാക്ഷാലധീശനന്ദനൻ
അണയുംനേരം നാമെതിരേററീടണം.

വഴികളൊക്കെയും തെളിക്കണം നന്നായ്
വഴിപോലെ നല്ലവിതാനങ്ങൾ വേണം.
അനവദ്യവാദ്യ പ്രഘോഷങ്ങൾ വേണം
അനവധി തങ്കപ്പതാക പാറണം.

തരണിയെവെല്ലും കിരണങ്ങൾ സമാ-
കിരണംചെയ്യുന്ന മണിമാല്യങ്ങളും,
നിറഞ്ഞസൌരഭം വഴിഞ്ഞു മഞ്ജുള-
നിറങ്ങൾചേർന്നേഴും സുതോരണങ്ങളും
മിഴികൾക്കുത്സവം വരുമാറിങ്ങനെ
വഴിയിൽനാട്ടണം വിളക്കുവയ്ക്കണം."

മിഖായേലക്ഷണമെഴുന്നേററു ചൊന്നാൻ
"സഖാവാം റപ്പായേൽ സഹായമുണ്ടെങ്കിൽ
നരപുത്രനേശു തിരുമനസ്സിനാൽ
സ്വരഭസമെല്ലാം നടത്തിടാം ഞങ്ങൾ.

പെരുത്തദുഷ്ടത കരുത്തിടുംസാത്താൻ
ഒരുററശിഷ്യനെ മുടിച്ചപോലവേ,
ദുർവ്വിശ്വാസിയായ് വിളങ്ങും പത്രോസു
തുടങ്ങി മററുള്ള പതിനൊന്നുപേരെ
നരകഗർത്തത്തിൽ വലിച്ചുതാഴ്ത്തുവാൻ
തരംനോക്കിത്തന്നെ നടക്കുന്നു പാരിൽ.
നരാത്മജൻ ക്രിസ്തു കുരിശിലേറുമ്പോൾ
ശരണഹീനരാ,യവർ കുഴങ്ങിടും.

കുടിലനാം സാത്താൻ തരമതുനോക്കി-
ക്കുടികൊള്ളുമവരുടെ ഹൃദയത്തിൽ.
ഇവണ്ണമാപത്തു വരാതിരിക്കുവാൻ
ഭവാനുടനെ പോ,യവരെക്കാക്കണം.
പടുവാമായ്യന്റെ നിഴൽ നിരീക്ഷിച്ചാൽ
മടങ്ങിയോടിപ്പോം മദമെഴുംസാത്താൻ."

ഇവണ്ണമായവരുരച്ചനന്തര-
മവർണ്ണ്യശോഭന്മാരെണ്ണിററു പാഷ്ദർ
'ജയിക്കട്ടെ സർവ്വചരാചരാധിപൻ
ജയിക്കട്ടെ യേശു നരാത്മജൻ ദൈവം,
ജയിക്കട്ടെ സത്യം ജയിക്കട്ടെ പ്രേമം
ജയിക്കട്ടെ സദാ വിശുദ്ധകാരുണ്യം."

പലതുമിങ്ങനെയുറക്കെപ്പാടിയ-
പ്പരമഭക്തന്മാർ പിരിഞ്ഞനന്തരം.
അതുലശോഭനായ് വിളങ്ങും ഗബ്രിയേ-
ലതിവേഗം ക്ഷിതിതലത്തിലെത്തിനാൻ.

വരവതുകണ്ടു പലരും പാരിതി-
ലൊരുസുതാരകം പതിച്ചുവെന്നോൎത്തു.

*  *  *  *

അതുനാളേശുവും സ്വശിഷ്യവൎഗ്ഗവു-
മനല്പമാംപൂപത്തിൻ പെരുന്നാൾഘോഷിപ്പാൻ
യെരുസലേമിലുള്ളൊരു ഗൃഹംതന്നിൽ
ചെറുതും സംശയംവെടിഞ്ഞു മേളിച്ചു.

പരിപൂൎണ്ണനാകും നിശാകരനപ്പോൾ
പരിചൊടംബരത്തിൽ തെളിഞ്ഞുശോഭിച്ചു.

ഉഡുക്കളൊക്കെയും സ്ഫുടതപൂണ്ടുകൊ-
ണ്ടുടനുടൻ മിഴി തുടച്ചുനോക്കിനാർ.

വെളുത്തമേഘങ്ങൾ നഭസ്ഥലിതന്നിൽ
കളിച്ചു മാലാഖാകുലംകണക്കിനേ.

വിടൎന്നമുല്ലയും കുമുദജാലവും
നടനു പൂക്കളെത്തലോടി മാരുതൻ.

മരിച്ചമൎത്ത്യനെയുയൎപ്പിച്ച നാഥൻ
മനുഷ്യനന്ദനൻ സ്വശിഷ്യരോടൊത്തു
പുളിപ്പില്ലാതുള്ള വിശുദ്ധപൂപത്തിൻ
പെരുനാൾ കൊണ്ടാടി ഭുജിച്ചിതത്താഴം.

അനല്പമാധുൎയ്യഭരിതവാക്കാകു-
മമൃതത്താൽ നിത്യം സുഖംവളൎത്തുവോൻ
സമൎത്ഥരാം ശിഷ്യരൊരുക്കിയതെല്ലാം
സ്മാസ്വദിച്ചങ്ങു സമാശ്വസിക്കയായ്.

പ്രഭുവാം യേശുവിൻ തിരുമുഖത്തു നൽ-
പ്രഭ കളിയാടി പ്രശാന്തഗംഭീരം.
അനഘലനന്ത്യമാ മമീത്തശിച്ചുകൊ-
ണ്ടനന്തകാരുണ്യൻ സ്വശിഷ്യമദ്ധ്യത്തിൽ
വിളങ്ങുമക്കാഴ്ച തെളിഞ്ഞുകാണവാ-
നൊളിഞ്ഞുപാഷ്ദരവിടെയെത്തിനാർ.
സ്വശിഷ്യവർഗ്ഗത്തിൻ കറയെല്ലാംപോക്കാൻ-
വിശിഷ്യ,നായകൻ നിനയ്ക്കുമക്കാലം
"വലിയവൻ നമ്മിലെവനാണെന്നൊരു
വിവാദമായവക്കിടയിലുണ്ടായി.

പണം പെരുമാറാനെനിക്കു വൈഭവം
പണത്തിൻെറമീതെ പരുന്തുംപൊങ്ങിടാ.
പണം വെറുംതൃണമിവിടം കൈവിട്ടാൽ
പണത്തിനാലൊരു ഗുണവുമില്ലല്ലൊ.

അഹം മഹാഭക്തനതുകൊണ്ടുതന്നെ
മഹത്വമാക്കമില്ലെനിക്കുള്ളപോലെ
കുറച്ചുകേളിയിൽ കുറച്ചു കാര്യത്തിൽ
കുറയ്ക്കാതായവർ വിവദിക്കുന്നേരം
ശരന്നിശാകരപ്രഭ ചൊരിഞ്ഞുടൻ
ചിരിച്ചു രക്ഷകനരച്ചിതീവിധം:—
"അശിക്ഷംമത്ത്യനോ വിളമ്പുംമത്ത്യനോ
മഹത്വമുള്ളവ?നശിയ്ക്കുവോനല്ലേ,
ബലമേറും നരപതികുലമാജ്ഞൊ-
ബലത്തിനാലിവ നടത്തുമിച്ഛപോൽ.

അധികാരപ്പെട്ടോർ നിജാശ്രിതന്മാരിൽ
അധികഭാരങ്ങൾ ചുമത്തി മേല്ക്കുമേൽ
കൃപയെഴും ഞങ്ങളഖിലലോകത്തി-
ന്നുപകാരംചെയ്യോരിതി നിനയ്ക്കുന്നു.
ഇതുവിധം നിങ്ങൾ മഹാന്മാരാകരു-
തിതു ധരിയ്ക്കുവിൻ മദീയ ഭാഷിതം.
വലിയവൻവേണം ചെറിയവനാവാൻ
ബലമുള്ളോൻ സർവ്വം ക്ഷമിച്ചുകൊള്ളണം.
എവനൊന്നാമനാമവൻ ഭജിക്കേണം
ജവമോടന്യരെ ബ്ഭൃതകനെന്നപോൽ.
മഹത്വം നിങ്ങളിലെനിയ്ക്കുന്നാകിലും
അഹം ഭവൽപരിചരണലോലുപൻ.
മമപ്രിയർ നിങ്ങൾ പ്രലോഭനങ്ങളിൽ
മമസവിധത്തിലിളകാതെ നിന്നോർ
മദീയരാജ്യത്തിൽ മദീയപാൎശ്വത്തിൽ
മദീയരാംനിങ്ങളിരുന്നു ഭക്ഷിക്കും.
ജനകൻ മാമകമെനിയ്ക്കുതന്നാമ-
ട്ടനഘമായതു തരുന്നോൻ നിങ്ങൾക്കും.
സ്ഫുരിച്ചിടുംസിംഹാസനങ്ങളിൽ നിങ്ങ-
ളിരുന്നുകൊണ്ടിസ്രേലിലെജ്ജനങ്ങളെ
വധത്തിന്നായിട്ടോ സുഖത്തിന്നായിട്ടോ
വിധിച്ചിടുമെന്നിലുറച്ചുനില്ക്കയാൽ."
നരൻെറ ഗൂഢമാം വിചാരപാളിയെ-
ത്തുറന്നുവായിപ്പാനറിവെഴുമേശു

ഇവണ്ണമല്പമൊന്നുരച്ച തന്നിൽത്താ-
നലിഞ്ഞമാതിരിയടങ്ങിമേവിനാൻ.

മുഴുത്തലോഭമാർന്നിരിയ്ക്കും യൂദാസിൻ-
മുഖത്തു തൻ തിരുമിഴിയിണചേർത്തു,
അഴിച്ചുമേല്പട്ടപ്പുകററിവെച്ചുടൻ
അരയിൽത്താനൊരു വെറുംതുണി ചുററി
വലിയൊരുപാത്രം നിറയെശ്ശീതള-
സലിലവും തിരുകരങ്ങളാലേന്തി
കരുതിടുംമുമ്പേ സ്വശിഷ്യപാദങ്ങൾ
കഴുകിടുവതിന്നൊരുങ്ങി ദേശികൻ.

കരങ്ങൾകൊണ്ടവൻ പിടിച്ചു യൂദാസിൻ-
കരുത്തേറുംപാദം കഴുകിമെല്ലവേ.
തിരുവുടയാട തലപ്പുകൊണ്ടുടൻ
സരസമായതു തുടച്ചുതോർത്തിനാൻ.

ഇതെന്തുവിസ്മയം! സ്വയം ജഗദ്ഗുരു
മുതിന്നു നമ്മൾതൻ പദം കഴുകുവാൻ?
ഇവണ്ണം ശിഷ്യന്മാർ മിഴിച്ചുനില്ക്കുമ്പോൾ
അവണ്ണ്യമാഹാത്മ്യൻ ചരാചരാധിപൻ
ദൃഢവിശ്വാസിയായ് വിളങ്ങും പത്രോസി-
ന്നടേ പദങ്ങളെപ്പിടിച്ചു തൃക്കയ്യാൽ.

വിളറി വേർത്തേററംവിറച്ചു പത്രോസു
തളന്നിടുംസ്വരംകലന്നു ചൊല്ലിനാൻ:-

"അവിടുന്നെൻകഴൽ കഴുകുകെന്നതോ
അരുതരുതിതെൻ സൽഗുണധാമമേ!"
ഇടറും പത്രോസിൻ വചസ്സിനുത്തരം
ഉടനെ സുസ്ഫുടമരുൾചെയ്താനീശൻ:-
"മമ ക്രിയാർത്ഥം നീയറിയുന്നീലിപ്പോൾ
മനസ്സിലാമതു നിനക്കിനി ക്ഷണാൽ"
അതുകൊണ്ടും മതിതെളിഞ്ഞിടാതുടൻ
അതുലസദ്ഗുണൻ പറഞ്ഞു പത്രോസും:-
"ചരണം താവകം കഴുകുവാൻ പരി-
ചരണപാടവമെഴുന്ന വാനവർ
കൊതിക്കുന്നു വിഭോ! ഭവാനെന്തീവണ്ണം
ശ്രമിയ്ക്കുന്നു മമ കഴൽകഴുകുവാൻ!
അഹോ! മഹാപാപമഹോ! മഹാപാപ-
മരുതരുതിതു പുരുകൃപാംബുധേ!"
സ്വശിഷ്യനിവിധം നിലവിളിയ്ക്കവേ
സ്വയം ചിരിച്ചുകൊണ്ടരുൾചെയ്താൻ ദേവൻ:
"പ്രമാർജ്ജനംചെയ്തീലെവൻെറപാദം ഞാൻ
മമ വിഭാഗങ്ങളവന്നു കിട്ടിടാ."
ഇവണ്ണമാചാര്യനുരച്ചുരച്ചപ്പോൾ
വിവർണ്ണനച്ശിഷ്യനനുസരിച്ചോതി:-
"കഴുകിക്കൊള്ളുകെൻ പദങ്ങളെന്നല്ല
കരങ്ങളും പിന്നെച്ശിരസ്സുമൊക്കെയും.
സമുദ്രമദ്ധ്യത്തിൽ ക്കൊതുമ്പുവഞ്ചിപോൽ
മമ പ്രഭോ, ഭവാൻ വെടിയരുതെന്നെ.

മദീയരക്ഷകൻ ഭവാനപേക്ഷിച്ചാൽ
മണൽപ്പരപ്പിന്മേൽപതിച്ച പൈതൽ ഞാൻ
ഭവാന്തരച്ചെന്നാൽ കടലിൻമീതെ ഞാൻ
ഭയലവമെന്യേ നടന്നിടാമല്ലൊ.
തല കീഴോട്ടാക്കിക്കുരിശിന്മേലേറി-
ത്തവഹിതമെന്നാൽ മൃതിവരിച്ചിടാം."

അനന്തരം ക്രിസ്തു നിജശിഷ്യപദം
മനംതെളിഞ്ഞുടൻ കഴുകിയാകവേ.
അനൎഗ്ഗളസുധാപ്രവാഹസാരത്തി-
ന്നനൎഘമാധുൎയ്യം വഴിഞ്ഞവാക്കുകൾ
നിജശിഷ്യരെല്ലാമറിയുവാൻ പിന്നെ-
സ്സുജനപൂജിതചരിതൻ കല്പിച്ചു:-
"കുളിച്ചിരിപ്പോൎക്കു പദങ്ങളല്ലാതെ
കഴുകിടേണ്ടതായ് വരില്ല മറെറാന്നും.
ധരിയ്ക്കുവിൻ നിങ്ങൾ വിശുദ്ധരെല്ലാരും
ഒരുത്തനെമാത്രമൊഴിച്ചു ചൊല്ലി ഞാൻ."
അഖിലനായക നഖിലാന്തൎയ്യാമി-
യിതുവിധമേശു പറഞ്ഞനന്തരം:-
അരക്കച്ചമാററിദ്ധരിച്ചു മേലങ്കി
തരത്തിൽ ശിഷ്യരൊത്തിരുന്നു മേശയ്ക്കായ്.
ഉപദേശമേറെയുരുവിട്ടനാതി-
ലുപദിഷ്ടം കാട്ടിക്കൊടുക്കതാൻ മുണം.

അരയ്ക്കാനാളുകളധികമുണ്ടാകും
കുടിയ്ക്കാൻ കെല്പതിലൊരുത്തനുണ്ടാകാ.
ഉരപ്പാൻവൈഭവമെഴുന്നാവരതു
ശരിയ്ക്കുചെയ്യുകിലുലകം വാനിടം."

പുരുദിവ്യപ്രഭ പുലരും തൻമുഖ-
ത്തൊരു ചെറുചിരിനിഴൽ തുളുമ്പവേ,
കരുണയേറുമാ മനുജനന്ദനൻ
കരുതിനിന്നേവം തുടൎന്നുചൊല്ലിനാൻ:-

"ഇഹഞാൻ ചെയ്യതാം ക്രിയയ്ക്കെഴും പൊരു-
ളഖിലം നിങ്ങളിന്നറിഞ്ഞിരിപ്പതോ?
പ്രഭോ, സ്വാമിൻ, ഗുരോ പലനാമങ്ങളി-
പ്രകാരത്തിലെന്നെ വിളിയ്ക്കുന്നു നിങ്ങൾ.

അതൊക്കെ നേരുതാൻ പിതൃഗുണങ്ങളാ-
ലഹമെല്ലാത്തിനു മധിപതിതന്നെ.
മമപ്രിയർ നിങ്ങൾ മമാനുയായികൾ
മമോപദേശങ്ങൾ പരത്തിടേണ്ടവർ
ഗുരുവെക്കാളുണ്ടോ ഗുരുത ശിഷ്യനു
പ്രഭുവെക്കാൾ ഭൃത്യൻ പ്രതാപവാനാമോ.?
മദരഹിതനാ മഹമിതുവിധം
ത്വദീയപാദങ്ങൾ കഴുകിയതോൎപ്പിൻ.
അഖിലനായക നെവനവൻ ദൃഢ-
മഖിലദാസനായ് പെരുമാറീടണം.
വലിയതാം ചുമടെടുത്തിടുന്നാവൻ
വലയാതായതിന്നടിയിൽ നില്ക്കുന്നു.

മനസ്സിൽ പ്രേമത്തിൻ ഘനമാം ബന്ധത്താൽ
ജനങ്ങൾചെയ്യുന്ന പലപല കർമ്മം.

പ്രണയഭാവത്താൽ പ്രവർത്തിപ്പതെല്ലാം
ഗുണമെന്നുതന്നെ ശരിയ്ക്കുറയ്ക്കുന്നു.

അതിനാൽ താവക പദംകഴകി ഞാൻ
അതുമട്ടന്യോന്യം പ്രവർത്തിപ്പിൻ നിങ്ങൾ.

ധനവിദ്യാദികൾ ഗുണങ്ങളായിടും
വിനയത്തോടൊത്തു വിളങ്ങവോളവും.

വിനയഹീനന്മാക്കേഴും വിദ്യാദികൾ
ജനപീഡയ്ക്കായിപ്പരിണമിക്കുന്നു.

വിനയം വൈരിയെ വശഗനാക്കുന്നു
പ്രണയത്തിൻവേരുമിതുതാൻ കായവും.

അയച്ചവനെക്കാളയയ്ക്കപ്പെട്ടവ-
നധികമുണ്ടാമോ മഹത്വമോക്കവിൻ.

അയച്ചോനെൻപിതാവയയ്ക്കപ്പെട്ടോൻ ഞാൻ
സ്വയം മമശിഷ്യർ ഭവാന്മാരൊക്കെയും.

പിതാവു പുത്രനെപ്പരിലാളിക്കുന്നു,
പിതാവു ഞാൻ നിങ്ങൾക്ക,റിഞ്ഞുകൊള്ളുവിൻ.

അതിനാൽ ഞാൻ ചെയ്തവിധം നിങ്ങൾതമ്മിൽ
അതീവദാസരായ്പ്പരിചരിക്കുവിൻ.

പിതാവിൽനിന്നല്ലോ ജനിച്ചു നന്ദനൻ
പിതാവും പുത്രനുമതുകൊണ്ടൊന്നുതാൻ.

മമ പിതാവവഹം, മമപുത്രർ നിങ്ങൾ,
മമാത്മാവും നിങ്ങളതിനില്ലന്തരം.

അതിനാലന്യോന്യം പരിചരിച്ചിട്ട-
ന്നാതിനാലെന്നൊത്താൻ ഭജിക്കുന്നു നിങ്ങൾ.

വലിയഭീരുവും സ്വപുത്രർക്കായ്ക്ക
നിജപ്രാണൻ ബലികഴിക്കും ധീരൻതാൻ.

തന്നുജരിലിതുവിധമതിപ്രേമം
മന്നുജക്കും മററുള്ളവയ്ക്കും തുല്യംതാൻ.

ഏവനെന്നൊദ്രോഹിപ്പതിന്നു കാമിപ്പ-
തവനിലെൻപിതാവതീവ കോപിപ്പൂ.

ഏവനെന്നൊസ്സദാ പരിചരിയ്ക്കുന്നാ-
തവനെ മൽപിതാവനുഗ്രഹിയ്ക്കുന്നു.

മമപുത്രർ നിങ്ങൾ ഭവദ്ഭൃപികാത്ഥം
ശ്രമിപ്പവരെ ഞാനനുഗ്രഹിക്കില്ലേ?

എനിയ്ക്കിഷ്ടർ നിങ്ങൾ, ഭവാന്മാക്കുചെയ്യു-
തെനിയ്ക്കുചെയ്യതിലധികമാകുന്നു.

അതിനാൽ ഞാൻചെയ്യവിധം നിങ്ങൾതമ്മിൽ
അതീവദാസരായ് പരിചരിക്കുവിൻ."

പ്രശാന്തഗംഭീര മധുരവാക്കേവം
നിശാന്തരീക്ഷത്തിൽ നിലീനമാകവേ
സുമഫലസൌരഭം ചുമന്നു ശീതനായ്
ക്ലമഹരപട്ടവണഞ്ഞു മാരുതൻ.

പരിണ്ണത നിശാപതി തദാ മൃദു-
കരങ്ങളാലേശ്രുപടം തഴുകിനാൻ.

ഉഡുക്കളും വിയല്പുഴതിലൂടവേ
തടിച്ചകൌതുകം കലൻറ നോക്കിനാർ.

തൃണാങ്കുരാഭിധ പുളകം പൂണ്ടലം
ക്ഷമാഭഗവതി വിളങ്ങി ഭംഗിയിൽ.

കനത്തിരുണ്ടൊരു വലാഹകാളികൾ
കരിത്തേച്ചാശയിൽ കടന്നുവെങ്കിലും,

ജഗന്മിത്രപ്രഭാ പ്രതിബിംബത്തിനാൽ
ജനഹിതംചേക്കും സുധാംശുമണ്ഡലം
മറഞ്ഞിടാതേററം തെളിഞ്ഞുനില്ക്കയായ്
നിറഞ്ഞിടും രസാൽ വളൻറ സിന്ധുവും.

---

## III

ദിവ്യമാം വാനവവീണതൻ കാകളി-
ഭവ്യമാധുര്യ്യമെൻ വാണിയ്ക്കിണങ്ങുമോ?
അവ്യയകാരുണ്യധാമമാമേശുവിൻ-
ദിവ്യത മററൊരുമർത്ത്യന്നുകിട്ടുമോ?
കാചം കനകമായ്ത്തീരുമോ കഷ്ടമേ
നീചമാം പങ്കം മൃഗമദമാകുമോ?

ചിൽപ്പുമാൻ തൻചരിത്രം പുകഴ്ത്താനിവ-
നല്പനെന്നാലുമപഹാസ്യനെങ്കിലും
യോഗ്യനല്ലാത്തവനല്ല മനുഷ്യർതൻ-
യോഗ്യതയാഗ്രഹത്തിനാനയായിതാൻ.

ഏററംവലുതാം പരുന്തും കഴുകനു-
മൂററമോടെ പറക്കും നഭസ്സിൽത്തന്നെ,
പാററയും കൊച്ചുകൊതുക്കളുമുത്സാഹ-
മേററു പറന്നുവിഹരിപ്പതില്ലയോ?

ഇജ്ജനമേശുവിൽ ഭക്തിയാൽ ചെയ്യുന്ന
സജ്ജനം തള്ളിക്കളകയില്ലേതുമേ.

പുണ്യപ്രഭാവനാം യേശു സാക്ഷാൽ ക്രിസ്തു
വർണ്ണ്യമല്ലാത്ത വിഭൂതികൾക്കീശ്വരൻ,
മന്നിടംതന്നിൽപ്പിറന്നോരു ദൈവതം
മന്നിന്നലങ്കാരമായ മഹാമണി,

സാക്ഷാൽപ്പിതാവിന്നരുമപ്രിയസുതൻ
ദാക്ഷിണ്യപീയൂഷസാര വാരാന്നിധി
ശിഷ്യർതൻ കാലുകഴുകിയവൎക്ക് നൽ-
ശ്ശിക്ഷണം നൽകി സ്വവാക്യകൎമ്മങ്ങളാൽ.

മേശയ്ക്കിരുന്നു രുചിരസ്മിതൻ പര-
മേശനനശ്വരൻ ദേവൻ വിളങ്ങിനാൻ;
ഭോഗസ്പൃഹയാം പതയററു സാത്വിക-
രാഗാമൃതാപൂർണ്ണമാം ഹൃത്തുപോലവേ.

മുന്തിരിച്ചെഞ്ചാർ തെളി നിറഞ്ഞങ്ങിനെ
ചന്തമേറീടുന്ന പാനപാത്രങ്ങളും
തെല്ലും പുളിക്കാതെ പൂൎണ്ണേന്ദുമണ്ഡലം
വെല്ലുമാകാരം കലൎന്നോരപ്പങ്ങളും
മുററും നിരന്നു വിളങ്ങുമാമേശയ്ക്കു
ചുററുമിരിക്കും പ്രിയശിഷ്യർ തന്മദ്ധ്യേ
പുഷ്ടപ്രമോദമിരുന്നരുളീ സൎവ്വ-
വിഷ്ടപങ്ങൾക്കേക നായകനായവൻ,
ചന്ദനദാരുക്കൾ മുററും ചുഴന്നൊരു
സുന്ദരമന്ദാരതല്ലജംപോലവേ.

ദക്ഷിണാസീനനാം ശീമോൻെറ മേനിയിൽ
അക്ഷീണശോഭം കുറച്ചു ചാഞ്ഞങ്ങിനെ
മേവുമാനാഥനിടത്തിരിക്കും മഞ്ജു-
ഭാവനനായ യോഹന്നാൻെറ മൗലിയെ
തന്നുടെ വക്ഷസി ചേൎത്തു മാണിക്യാഭ
ചിന്നും നഖങ്ങൾ തൽ കേശത്തിലൎപ്പിച്ചു.

കുററമററുള്ള ജഗദീശനാം തന്നെ-
യൊററിക്കൊടുക്കാൻ കരുതിയിരിക്കുന്ന
മൂർഖനായീടുമനുചരനെയോൎത്തു
വീക്കും കൃപയാൎന്ന വീൎപ്പു വീണ്ടും പൂണ്ടു.

മാംസാസ്ഥിസഞ്ചിതമാമാത്മബന്ധന-
മാകെയകററാൻ കരുതി വാണീടിനാൻ.

മത്തായി, യാക്കോബ്യ, തോമാസു തൊട്ടുള്ളോ-
രുത്തമരാം ശിഷ്യർ രണ്ടു ഭാഗത്തുമായ്
ശ്രുദ്ധമാം ഭക്തിവിശ്വാസങ്ങളുകൊണ്ടു
പീഠങ്ങളിൽ വാണു കൗതുകാവിഷ്ടരായ്.

എന്തോ ചിലതുള്ളിലുണ്ടു ഗുരൂത്തമ-
നൊന്തോ പറയുമീ നമ്മളോടിക്ഷണം
ഇത്തരമായവരുള്ളിൽ നിരൂപിച്ചു
ഭക്ഷണപാനാദിയൊക്കെ മറന്നുപോയ്.

സൌരഭ്യവും പല വർണ്ണവിശേഷവും
ചേരുന്ന നാനാപ്രസൂനങ്ങൾതോറുമേ
തന്ദ്രികൂടാതെ പറന്നു നടന്നതി-
സുന്ദരമാകും മരന്ദം ഹരിക്കുന്ന-
നല്ല തേനീച്ചകളുണ്ടാക്കിയ മെഴു-
കുല്ലാസമോടുരുകുമ്പൊഴുണ്ടാം ഗന്ധം
മെല്ലെപ്പരക്കുംവിധം തെളിയും ദീപ-
തല്ലജത്തിൻ പ്രകാശത്തിങ്കൽ നിന്നാഹോ
ചെററൊന്നൊഴിഞ്ഞവിടത്തിലാ യൂദാസ്സ-
മേററം ചുളിഞ്ഞുമൊളിഞ്ഞും മരുവിനാൻ.

വേർത്തുള്ള തൻ നെററിമേൽ നിന്നളകങ്ങൾ
തൈത്തെന്നൽ മന്ദമകററും ദശാന്തരേ
ഉള്ളത്തിലേതുമൊതുങ്ങാതെ വാക്കുകൾ
തള്ളിവരുംമട്ടിലേശുവരുൾചെയ്തു:-
"എന്നാൽത്തിരഞ്ഞെടുക്കപ്പെട്ട മർത്ത്യരെ
നന്നായഖിലമറിഞ്ഞിരിക്കുന്നു ഞാൻ.

എന്നാൽ ഭവാന്മാരെയെല്ലാം ദുഷിച്ചുകൊ-
ണ്ടൊന്നായിവണ്ണം പറയുന്നതല്ല കേൾ.

എന്നോടുകൂടെവാണപ്പം ഭുജിപ്പവ-
നെൻനേക്കു തൻെറ കുതികാലുയത്തിടും
എന്നുള്ള വേദോക്തി സത്യമാകേണ്ടതി-
നിന്നിതാ കാലമടുത്തെന്നു തേറുവിൻ.

ആയതു സംഭവിക്കമ്പോളറിയണം
മായമകന്നതു ഞാൻതന്നെയെന്നതും.

ആയതിനായ് ഭവാന്മാരോടു ചൊല്ലിനേ-
നായതു സംഭവിക്കുംമുമ്പുതന്നെ ഞാൻ."

എങ്ങുംനിറഞ്ഞു വിളങ്ങും പിതാവുതൻ-
മംഗലപ്രേമ നിവാസമാം നന്ദനൻ
തിങ്ങും കരുണവഴിയും മിഴികളാ-
ലങ്ങവസിക്കും സ്വശിഷ്യരെപ്പാത്തോതി:-
"ഞാനയയ്ക്കുന്നവനെ സ്വീകരിച്ചവൻ
ന്യൂനമെന്നെ സ്വീകരിച്ചുവെന്നോക്കുവിൻ.

ഞാനോ പിതാവിൻെറ ദൂതനാണീയെന്നെ
മാനിച്ചവൻ ബഹുമാനിച്ചു താതനെ.

ഉന്നതനായങ്ങിരിക്കുന്ന മന്നവൻ
തന്നുടെ മന്ത്രിയോടോതുന്ന കൃത്യങ്ങൾ
ഭൃത്യർവഴിക്കു പാത്തട്ടിലെങ്ങും മഹാ-
മന്ത്രിയക്കല്പന നന്നായ് നടത്തുന്നു.

അല്പനെന്നാലും ദരിദ്രനെന്നാകിലും
കല്പന കൊണ്ടുവരും നൃപദൂതനെ
അല്ലേതരം ബഹുമാനിപ്പതില്ലയോ
കെല്പുകലൎന്നിട്ടും സാമന്തവൃന്ദവും?
സത്യമെൻ വാക്കുകൾ നിങ്ങളെൻ ദൂതർതാൻ
സത്യമെൻവാക്കിതു ഞാനെൻ പിതാവുതാൻ"
ദുർഭരസന്താപവഹ്നി നീറീടവേ
ദൃഷ്ടമാകും പുകപററിയമാതിരി
ഇത്രയും പോന്നോരനന്തരമേശുവിൻ
വക്ത്രപ്രകാശം മറഞ്ഞു പൊട്ടുന്നനേ.
അയ്യോ തിരുമിഴി രണ്ടും കലങ്ങുന്നു
മെയ്യോ വിയൎക്കുന്നിതെന്തിതിൻ കാരണം?
കേവലാത്മാവായ സച്ചിത്സ്വരൂപന്നു-
മീവണ്ണമുള്ളിൽ ഭയപ്പാടുദിക്കയോ?
ശാത്രവന്മാൎക്കും സദാപി സന്മംഗളം
മാത്രമാശംസിച്ചിടുന്ന ദയാനിധി
ഇത്രനാളും തന്നനുചരനായവ-
നത്ര മഹാപാപിയായ്ത്തീൎന്നതോൎത്തോൎത്തു
പാരമവന്നിനിച്ചേരുന്ന ഘോരമാം
നാരകയാതനയെന്തെന്നു ചിന്തിച്ചു
ഹന്ത! കരുണാപരവശനായ്ത്തീൎന്നു,
സന്തതം സത്തുക്കളന്യാൎത്ഥ ദുഃഖികൾ.
തൻകാൎയ്യമോൎത്തല്ല ദുഃഖിച്ചതീശ്വരൻ
തൻകാൎയ്യമീശന്നു ലോകൈകസംഗ്രഹം!

നെററിമേൽനിന്നു വിയപ്പിൻകണികക-
ളിററിററു മീശമേൽപ്പററിയൊലിക്കവേ,
നേത്രാംബുജങ്ങൾ കീഴ്പ്പോട്ടാക്കിനിന്നിത്ര
മാത്രമസ്സൎവ്വാധിനായകൻ ചൊല്ലിനാൻ:-
"ഒററിക്കൊടുത്തിടും നിങ്ങളിലേകനി-
ന്നൊററിക്കൊടുത്തിടുമെന്നൊയത്തു ദൃഢം.

ഇക്ഷണമായവനെന്നോടൊരുമിച്ചു
ഭക്ഷിച്ചിരിക്കുന്നു സത്യമിതു സത്യം"
ദേശികനാഥനാമേശുവപാരമാം
ക്ലേശത്തൊടോതിയോരാവാക്കു നിർഭരം
പേശലശീലമെഴും ശിഷ്യചക്രത്തി-
നാശയം വല്ലാതഴലിലാഴ്ത്തീ തദാ.

ദന്തിപ്രവീരൻെറ മസ്തകമേറെറാരു
മുന്തിരിവള്ളിതൻ ശാഖകൾപോലവേ
സന്താപവഹ്നിതൻ ചൂടേററ ശിഷ്യരോ,
ഹന്ത! വല്ലാതങ്ങു വാടിത്തളൎന്നുപോയ്.

ആരാണിവണ്ണം നിഗ്രഢം മഹേശനെ-
പ്പാരാതെയൊററിക്കൊടുക്കുന്ന പൂരുഷൻ
അന്യോന്യസന്ദേഹമാൎന്നു ശിഷ്യവ്രജ-
മന്നു പരസ്പരം നോക്കിയിരുന്നുപോയ്.

ഉള്ളിൽപ്പെരുകും തമസ്സു പുറത്തേയ്ക്കു
തള്ളിവരുന്നതു കാണിച്ചിടാതെതാൻ
എല്ലാമൊതുക്കിയിരുന്ന യൂദാസ്സിനെ-
ത്തെല്ലുമേ സംശയിച്ചില്ലന്നൊരുത്തനും.

വിത്തമിരിയ്ക്കും കിഴിയവന്തന്നുടെ
ഹസ്തത്തിലല്ലോ ഗുരുവരനേല്പിച്ചു.

ചിത്തമിളകാത്ത യൂദാ മഹാനീച-
കൃത്യമിതു ചെയ്യുമെന്നാർ നിനച്ചിട്ടും?

കണ്ണുനീർ വീങ്ങിക്കലങ്ങിയിളകുന്ന
കണ്ണുകൾ രണ്ടുമുയർത്തിയൊരു ശിഷ്യൻ
തിണ്ണം പ്രിയാചാര്യവക്ത്രത്തെനോക്കിയീ-
വണ്ണമുരച്ചു, 'ഞാനാണോ ദയാനിധേ.'

ശിഷ്യരോരോരുത്തരക്ഷണം ക്രിസ്തുവാ-
മീശ്വരനോടിതുമാതിരി ചോദിച്ചു.

സത്യസ്വരൂപൻ പരൻ സത്യമായിസ്സർവ്വ-
ചിത്തസ്ഥ നാനാവിചാരങ്ങൾ കാണ്മവൻ
എത്രയും കേഴുന്ന തൻ പ്രിയശിഷ്യരോ-
ടത്തവ്വിലിത്തരമുത്തരം ചൊല്ലിനാൻ:-
"എന്നൊടൊന്നിച്ചിരുന്നേകപാത്രത്തിൽനി-
ന്നന്നമെടുത്തു ഭജിക്കുന്ന മാനുഷൻ,
ഇന്നുതാനീയെന്നെയൊററിക്കൊടുത്തിടു-
മെന്നതിൽസ്സന്ദേഹമില്ലെനിക്കേതുമേ.

തന്നെക്കുറിച്ചു തൻ ഭക്തവ്രജം പണ്ടു-
തന്നേ കുറിച്ചുവച്ചുള്ളോരുമാതിരി,
മങ്ങാതെ മാനുഷപുത്രൻ ഗമിക്കുന്നു
മംഗലവാരാന്നിധി പിതൃശാസനാൽ.

എന്നാലിവനെയൊററിക്കൊടുക്കുന്നാവ-
നെന്നുമേ ശപ്തൻ മഹാപാപിയാണവൻ,
ആതതായിയവൻ മന്നിൽപ്പിറക്കായ്കി-
ലായതവന്നു നന്നായിരുന്നു പരം."

മോഹേന ദേശിക വാക്‌ശരമേല്ക്കയാൽ
ഹാഹേതി ഹാഹേതി ചൊല്ലിത്തലതാഴ്ത്തി
ദേഹവും ചിത്തവും കമ്പിച്ചുകൊണ്ടു സ-
ന്ദേഹംമുഴുത്തു ശിഷ്യന്മാരിരിക്കവേ,
ഭേദിച്ചു മൌനം പത്രൂക്കനെച്ചോദിച്ചു
'ജൂദാസ്സ്' 'ഞാനോ കഥിക്കളു സൽഗുരോ!'

സാധുജനപ്രിയൻ സൌമ്യമായ്‌ച്ചൊല്ലിനാൻ
നീതാനുരച്ചതു മായാത്ത സത്യമായ്.

തൻ കൂട്ടുകാരിക്കഥയറിഞ്ഞീടുകിൽ
തൻ കഥ തൽക്ഷണംതന്നെ കഴിഞ്ഞിടും.

ശങ്കയീവണ്ണം മുഴുത്ത യൂദാസ്സിൻെറ
സങ്കടം ചൊല്ലുവാൻ സാദ്ധ്യമല്ലാക്ഷമേ.

വ്യാളത്തിനൊപ്പമായ് ഞെട്ടി, മുഖം കരു-
വാളിച്ചു, മെയ് വിയ,ർത്തേറെ വിവശനായ്
മായിക സാത്താൻെറ ഘോര തമോമയ-
ച്ഛായയെന്നോണമാ യൂദാസ്സു മേവിനാൻ.

പത്രോസവനുടെ ഭാവപ്പകർച്ചയെ-
പ്പാർത്തറിഞ്ഞെന്തിതെന്നുള്ളിൽ നിരൂപിച്ചു.

ശ്രുദ്ധയോഹന്നാൻ മനുഷ്യപുത്രപ്രിയൻ
ബദ്ധപ്രണയ,മാദിവ്യസ്വരൂപന്റെ
വക്ഷസി ചാരിക്കിടന്നിരുന്നു തദാ
വീക്ഷണത്താലവനോട്ടരച്ചാൻ ശീമോൻ:-
'ആചാര്യ,താതനോടായ് ഭവാൻ ചോദിക്ക-
കാരീ മഹാപാപകാരിയെന്നുള്ളതും'
ശീമോന്റെ കണ്ണിൽത്തെളിഞ്ഞുകാണും ഭാഷ
സീമാതിരിക്തപ്രതിഭനാം യോഹന്നാൻ
ഉള്ളിലറിഞ്ഞുടൻ മന്ത്രിച്ചു 'ഹേ ഗുരോ,
ചൊല്ലുക സാത്താന്റെ പുത്രനിങ്ങാരുള്ളു?'
വഞ്ചകശിഷ്യന്റെ പേർ പറഞ്ഞീടുവാൻ
വാഞ്ഛയില്ലാതെ മഹാമതിയാമേശു
വക്രേതരമതി തെല്ലിതുവണ്ണം താൻ
വക്രമായ്ത്തൻ പ്രിയശിഷ്യനോടോതിനാൻ.
'അപ്പത്തെമുക്കി ഞാനാർക്കു കൊടുക്കുന്നു-
തപ്പുമാനാണെന്നെയൊററിക്കൊടുപ്പവൻ.'
ആർത്തിയെപ്പോക്കിടും തൻ കരവല്ലിയാൽ
ചീർത്തിടും കാരുണ്യമൂർത്തിയാം ദൈവതം
പൂപത്തിൻഭാഗമാ മാധ്വിയിൽ മുക്കിയി-
ട്ടപ്പൊഴേ യൂദാസ്സിനായ് കൊടുത്തീടിനാൻ.
ശിഷ്ടനാമേശു കൊടുത്ത നല്ലപ്പവും
ദുഷ്ടനാം സാത്താനുമൊന്നിച്ചു തൽക്ഷണം
യൂദാസ്സിനുള്ളിൽ കടന്നു, മൂർഖക്ത്തി-
സ്വാദുവാം ക്ഷീരവും കാകോളമായ്വരും.

ഇങ്ങവസിപ്പതു. നന്നാല്ലെനിക്കിനി-
യെന്നു യൂദാസ്സു തന്നുള്ളിൽ നിനയ്ക്കവേ,
മന്ദസ്മിതം ചെയ്തുകൊണ്ടരുളീടിനാൻ,
മന്നിനെ വിണ്ണാക്കിടുന്നാ മഹാമതി.

"പോക നീ പോക നിൻ കൃത്യങ്ങൾ ചെയ്യുവാൻ
വൈകാതെ ശീമോൻെറ പുത്രനാം യൂദാസ്സേ!"
താൻതന്നെ തന്നൊറ്റുകൊടുക്കുവാനായ് പ്രഭു
സന്തുഷ്ടചേതസാ കല്പിച്ചവേളയിൽ,

ശക്തൻ ഖഗേശ്വരൻ തൻകൊക്കിൽനിന്നഹോ!
മുക്തിലഭിച്ചൊരു പന്നഗം, പോലവേ,
ഭീതിയും ശങ്കയുമാശ്വാസവും പരം
സ്ഫീതമാം വിസ്മയവും പൂണ്ടു യൂദാസ്സു
പെട്ടെന്നെഴുന്നേററു പേ പെട്ട മാതിരി
മുററും മടിശ്ശീല തപ്പിനോക്കിക്ഷണം
കാലിന്നിടച്ച് കാണിക്കാതവിടന്നു
കാലം കളയാതെ പോയിതു വിഭ്രമം.

വിത്തമിരിക്കും കിഴികയ്യിലുള്ളൊരാ-
മർത്ത്യൻ പുറത്തേക്കു പോയതിൻകാരണം
സത്യമായ് ബോധിച്ചതില്ലങ്ങിരിക്കുന്ന
സത്തമരായുള്ള ശിഷ്യർ മററുള്ളവർ.

പിറേറന്നു സാക്ഷാൽത്തിരുനാളതിന്നു നൽ-
ക്കുററമററുള്ള സാമാനങ്ങൾ വാങ്ങണം.

165488
384/6
O32:1N03b x
UNIVERSITY LIBRA

പാവപ്പരിഷകൾക്കന്നവസ്ത്രാദികൾ
പാകത്തിനേകണം ദുർഭിക്ഷമെന്നിയേ.

ആയതിന്നായ് ഗുരു കല്പിച്ചയയ്ക്കയാ-
ലായമായ് യൂദാസ്സ പോയാൻ പുറത്തേയ്ക്ക്.

ഇത്തരം മററുള്ള ശിഷ്യരോത്തീടിനാ-
രെത്രയും ശുദ്ധം ജഗത്പിതാവിൻമതം.

ഭക്ഷണശാല വെടിഞ്ഞു യൂദാസ്സവ-
നക്ഷണംതന്നെ പുറപ്പെട്ടുപോകവേ
ദുഷ്ടനവൻതൻെറ കാലടിയൊച്ചക-
ളൊട്ടൊട്ടു കേൾക്കാതെയായീ ക്രമത്തിനാൽ.

ശിഷ്ടശിഷ്യവ്രജമൊത്തുവിളങ്ങിനാൻ
പുഷ്ടപ്രഭൻ ക്രിസ്തു പൂർണ്ണപ്രമോദനായ്,
സ്വപ്രതിബിംബചക്രത്താൽപ്പരീതനാ-
യപ്രമിതാഭനാം ചന്ദ്രൻകണക്കിനേ.

## IV

ചന്ദ്രവക്ത്രവും താരക ഹാരവും
മന്ദമാരുതാമോദ നിശ്വാസവും
വെണ്ണിലാവായ പട്ടുടയാടയും
ചേന്നിണങ്ങീ മനോഹര യാമിനി.

നീലവിണ്ണാം വിതാനത്തിൽ സ്ഫാടിക-
ഗോളകങ്ങളാം നക്ഷത്രജാലവും
തിങ്കളാകിന വൻ ഗ്ലോബ്ബും പരം
ഭംഗിയായ് ത്തൂക്കി നിൽക്കുമസ്സുന്ദരി.

മന്ദം മന്ദം തിളങ്ങും വിളക്കുക-
ളൊന്നൊഴിയാതെ വാനിൽത്തെളിയിച്ചു
നന്നായിട്ടുകിൽ കസ്തൂരിക്കൂട്ടുള്ള-
പൊന്നിൻകിണ്ണമെടുത്തു പൊക്കീടിനാൾ.

വാനമാം വനം,. നക്ഷത്രരാജിയാം
സൂനങ്ങൾകൊണ്ടലംകൃതമാകവേ
പീനശോഭനാമോഷധിനായകൻ
മാനമാന്നയന്ന മിന്നീടിനാൻ.

കുന്ദസൌരഭമേന്തിയും യോർദ്ദാനിൽ
കൊച്ചു കല്ലോല മാലകൾ ചാർത്തിയും,
മെല്ലെത്തെന്നലിൻ പൈതങ്ങൾ വന്നപ്പോൾ
പല്ലവജാല മാട്ടിനാർ ശാഖികൾ.

പ്രാഗത്ഭ്യംപെറും ചിത്തംകണക്കിന്നേ
ഗാഗുൽത്താമല നിന്നു നിശ്ചേഷ്ടമായ്;
ലോകമിട്ടിളക്കീടും കൊടുങ്കാററു-
മാകെ നിഷ്ഫലംതന്നെ യചലത്തിൽ.

മിത്രദേവനെക്കാണാതെ വന്മര-
പ്പൊത്തിൽപ്പാർത്തുറങ്ങീടും ചെമ്പോത്തുകൾ
അത്തപ്പ്ച്ചത്തിൽ മൂളിമൂളിക്കൊണ്ടു
നേത്രമേറെത്തുറിച്ചു നിലകൊണ്ടു.

പാട്ടുപാടും കുയിൽ മണ്ണാത്തിക്കിളി
പാട്ടിൽ മററു പലതുമുറങ്ങവേ,
രാക്കിളിയുടെ ദീനഗളസ്വനം
ദിക്കിലെല്ലാമിഴഞ്ഞുനടക്കയായ്.

മങ്ങി മിന്നാമിനുങ്ങുകൾതൻകുല-
മങ്ങുമിങ്ങും കറങ്ങിപ്പറക്കയായ്.

മംഗലേന്ദുകരങ്ങൾ മാററാത്തിരുൾ
നീങ്ങുമോ ചെറു തീപ്പൊരിപാറിയാൽ?

ഇണ്ടൽ വേററു നൂറുനൂറക്ഷികൾ
കൊണ്ടു പാർത്തലം പാർത്തിടും വാനമേ,
കണ്ടകാവൃതമാകുമിവിടത്തിൽ
കണ്ടിടേണ്ടതു കണ്ടിടുകിപ്പോഴേ.

മന്ദനാം ഗന്ധവാഹ, ഭവാൻ മഹാ-
മോദമോടിങ്ങുഴറി നടന്നാലും,
എന്നുമേ മഹൽസംഗഭാഗ്യംകിട്ടി-
ല്ലെന്നു മാനസം തന്നിലറിയേണം.

ശ്രദ്ധിയേന്തിടും യോദ്ധാനാം നിമ്നഗേ,
കീർത്തനീയം നിൻ നിസ്തുലവൃത്താന്തം,
ക്രിസ്തുവെക്കഴുകീടിന നിന്നുടെ
ബാഷ്പധാരയോയിപ്പോഴൊലിക്കുന്നു?

* * * *

ഉൾത്തളത്തിൽ പ്പിശാചെഴും യൂദ താ-
നാത്തവേഗമവിടന്നകന്നപ്പോൾ
ക്രിസ്തുപാരം തെളിഞ്ഞു ജഗദേക-
മിത്രം മേഘമകന്ന ശീതാംശുപോൽ.

തൻകരങ്ങളാൽ താനയത്തിക്കൊണ്ടു
വന്നവാരി കവുത്ത മൂടിരമായ്
തന്നൊച്ചെറവു മറച്ചിട്ടുകല്പമ്പോ-
ളുന്നത. സൂര്യനാഭ കുറയുമോ?

ഘോരമാം ഗരം ഛർദ്ദിച്ചുപോകുമ്പോൾ
പാരമുണ്ടായിട്ടുന്ന സുഖംപോലെ
സൈ്വരമങ്ങമരുന്നൊരു ശിഷ്യക്കു
സാരമായൊരനുഭവമുണ്ടായി.

വഷകാലാന്ത പത്മിനിപോലവേ
ഹഷദീപ്തമായ് ത്തീന്നിതല്ലാലയും.
വ്യാജമെന്നിയെ പാവനമാമൊരു
തേജസ്സങ്ങു തെളിഞ്ഞു വിളയാടി.

പണ്ടുപണ്ടേ പ്രവാചകന്മാർ മോദം
പൂണ്ടുകൊണ്ടേവൻ തന്നൊപ്പുകഴ്ത്തിനാർ,
വിണ്ടലത്തിലെവനുടെ കമ്മങ്ങൾ
കണ്ടുവാനവർ പാടിവാഴ്ത്തീടുന്നു,
പാത്തലപ്പൊൻതളികയിൽ നിത്യവും
ധൂത്തരേററം നിറച്ചുള്ള പങ്കങ്ങൾ
പാത്തറിഞ്ഞുതൻ നിമ്മലരക്തത്താൽ
പേത്തും ക്ഷാളനം ചെയ്യു മഹാനെവൻ,
പാപബോധമുദിച്ച മറിയത്തിൽ
പാപമോചനപീയൂഷം വഷിച്ചു
നിത്യവിശ്വാസമായവൾക്കേകിയ
നിസ്തുലപ്രേമവാരിധിയാരുവാൻ,

മൃത്യുകുക്ഷികുഹരകുടീരത്തി-
ലൊത്തിരുന്ന തന്നവൃയപ്പിച്ചതും
നേത്രഹീനക്ക് കാഴ്ച്ചകൊട്ടത്തതും
അത്യുദാരാനുഭാവനാമേതവൻ,
ആഞ്ഞടിക്കും കൊടുങ്കാററുകൊണ്ടഹോ
പാഞ്ഞുകേറുന്ന സിന്ധുവിൻ വീചികൾ
മഞ്ജുളമായ വാക്കാലമത്തിനാൻ
മാഞ്ഞിടാത്തുള്ള മാഹാത്മ്യംകൊണ്ടേവൻ,
സ്ഥാനമാന ധനാദിപ്രമത്തരായ്
ദീനലോകത്തെ മർദ്ദിക്കും മൂർഖരെ
മാനസഭീതി ശങ്കാലവമെന്ന്യേ,
ജ്ഞാന സമ്രാട്ടായ് ശാസിച്ചതേതവൻ,
നിസ്തുലൗദാര്യൻ, നിസ്തുലമാഹാത്മ്യൻ,
നിസ്തുലാത്ഭുത കമ്മപ്രശോഭിതൻ,
നിസ്തുലൻ, ദിവ്യ,നത്യന്തനിമ്മലൻ,
ക്രിസ്തുവങ്ങനേയുള്ള മദ്ദൈവതം
ദുഷ്ടനാം രാഹു ദൂരെ ഗ്ഗമിക്കുമ്പോൾ
സ്പഷ്ടതേജസ്സാം പൂണ്ണേന്ദുവെപ്പോലെ
പുഷ്ടതോഷം തെളിവാൻ പിന്നെത്തൻ-
ശിഷ്ടശിഷ്യഗണത്തേക്കടാക്ഷിച്ചു.
മന്തിരിച്ചാറും തേനും കൽക്കണ്ടവും
പിന്തിരിഞ്ഞോടും പ്രേമസുധാരസം
ചിന്തിടുംപടി പുഞ്ചിരിതൂകിയ-
ശ്ശാന്തിവാരിധി രാജാവരുൾചെയ്തു:-

"സംസ്തുതനായിത്തീന്നിന്നു മാനുഷ-
പുത്രനുമതുകൊണ്ടു താൻദൈവവും
ഇത്തവ്വൊട്ടുമേ താമസിക്കാതിനി
വാഴ്ത്തുമദ്ദേഹം തന്നൊത്താനീശ്വരൻ.

എൻപിതാവേകും മൂൎദ്ധക്കിരീടം ചാത്തും
മുൻപു നിങ്ങളോടൊന്നിച്ചിതിൻവണ്ണം
അൻപിൽപ്പേസഹാ ഭക്ഷിക്കണമെന്നായ്
വൻപിയന്നൊരെന്നാഗ്രഹം സാധിച്ചു.

ഈശഭക്തരാം നമ്മുടെ പൂവ്വർ
മോശമാം ദാസ്യം വേർപെട്ടതോൎക്കുവാൻ
മോശയിങ്ങു നടപ്പാക്കിവച്ചതി-
പ്പേസഹാ പെരുന്നാളെന്നോൎക്കുവിൻ.

സ്തുത്യമാമിതിൻ തത്വമനുസരി-
ച്ചുത്തമ ദൈവരാജ്യത്തിലല്ലാതെ
ഇത്തിരിപോലുമാഹരിക്കില്ലഞാൻ
സത്യം സത്യമായ് നിങ്ങളോടോതുന്നു."

തന്നിൽത്താനേ ലയിച്ചുമട്ടങ്ങെഴും
ഉന്നതാശനാമേശു തന്നാക്ഷികൾ
ഒന്നാടയുന്നൊരാമ്പൽ വെടിഞ്ഞുയ-
രുന്ന വണ്ടുകൾപോലെ വിളയാടി.

പാനപാത്രമെടുത്തു വാഴ്ത്തിപ്പിന്നെ-
പ്പീനതോഷമദ്ദേവനരുൾചെയ്തു.

"ഞാനിനി സ്വർഗ്ഗം തന്നിലല്ലാതൊന്നും
പാനംചെയ്യുകയില്ലെന്നറയ്ക്കുവിൻ.
പങ്കിലമല്ലാതുള്ളൊരീയാസവം
പങ്കിട്ടു നിങ്ങളെല്ലാം കുടിക്കുവിൻ.
എന്നോടൊത്തു മദ്രാജ്യത്തിലെന്നുമേ
പാനഭോജനം നിങ്ങൾ നടത്തിടും.
വെണ്ണിലാവിൻ വെളിച്ചവും നൽക്കുളിർ-
ത്തെന്നലിൻ മൃദുമോഹനസ്പൎശവും
സുന്ദരാഭം വിരിഞ്ഞിടും പിച്ചിപ്പൂ-
തന്നുടെ സൎവ്വമോഹന ഗന്ധവും
കൂരിരുൾപോയ് കിഴക്കിൻമുഖം ചോക്കും
നേരം കുഞ്ഞിക്കിളികൾ പലതരം
സാരമായ്പ്പാടും പാട്ടുകൾ തൻഗുണ-
പൂരവും സുധാസാരമാധുൎയ്യവും
സൎവ്വമൊന്നിച്ചുരുക്കിയതിൻരസം
തെല്ലുപോലും കളയാതെടുത്തഥ
നല്ലമട്ടു ചമച്ചൊരുവസ്തുവു-
റല്ല കോടിക്കണക്കിൽ കണക്കാക്കി
ആയവയ്ക്കുള്ള മഞ്ജുളസദ്ഗുണം
ന്യായമായിട്ടെടുത്തൊരുക്കിസ്സൎവ്വം,
മായമെന്യേ ചമച്ച സൽപ്രേമംതാൻ
കായമാൎന്നതി ക്രിസ്തുവാം ദൈവതം.
എന്തുചെയ്യുവാനിമ്മഹാനിപ്പൊഴു-
തോൎത്തിടുന്നുവെന്നാൎക്കുമറിവീല.

ഉദ്യന്മാധുര്യദീപ്തിസൗരഭ്യത്താ-
ലദ്യ ഭക്ഷണശാല നിറയുന്നു.

നിർമ്മലമാകും ചിമ്മിണിമാർഗ്ഗമായ്
ശർമ്മദപ്രഭാസഞ്ചയമെന്നപോൽ,
അന്നരാത്മജ മേനിയിൽനിന്നുമ-
ത്യുന്നതം ദൈവതത്വം പ്രകാശിച്ചു.

രാത്രിയിൽ ജ്യോതിസ്തോമത്തെയങ്ങിങ്ങായ്
മാത്രംകാട്ടി വിളങ്ങിടുമാകാശം
ചിത്രമെങ്ങുമേ ജ്യോതിർമയമായി-
ട്ടത്രകാണായപോലെയായീശ്വരൻ.

പുണ്യകർമ്മ പരിമളധോരണി
പാരിലെങ്ങും പരത്തിയ സർവ്വേശൻ
സർവ്വദേവതാ സാരൈകപുഞ്ജമായ്
നിർവ്വികല്പം തദാ വിളങ്ങീടിനാൻ.

ഭീതിയല്ലിതു കാണുന്ന ശിഷ്യന്മാ-
ർക്കത്ഭുതാദി വികാരങ്ങളല്ലല്ല
നീതിയിൽ ഭക്തിയേയും കടന്നൊരു-
രീതിയിലൊന്നുളവായവർക്കുള്ളിൽ.

ക്രിസ്തുദേവനിൽ നിന്നൊലും കാരുണ്യ-
നിസ്തുലപ്രേമപീയൂഷസാരത്തെ
തൃഷ്ണപോമ്പടി കണ്ണാൽ നുകരുമ-
ശ്ശിഷ്യരാനന്ദനിർവൃതിലീനരായ്.

അത്രനാളുമത്തിവ്യന്റെ സൽപ്പദം
ചിത്തശ്ശുദ്ധിയാൽ സേവനം ചെയ്തവർ
ഉത്തമപൂരുഷാംഗങ്ങൾ ദിവ്യതാ-
ദീപ്തമായ് കണ്ടിട്ടില്ലതുമാതിരി.

സുന്ദരമൃദുകേശവും ശീതാംശു-
സന്നിഭമായ വക്ത്രവും മോഹനം,
സ്വർണ്ണവർണ്ണമാം ഗാത്രമതുതന്നെ
ശ്രോത്രനേത്രവുമൊക്കെയവതന്നെ
ഒന്നിനുമില്ല മാററമെന്നാകിലും
ഒന്നിച്ചൊക്കെയും മാറിയമട്ടിലായ്.

അന്നുദൈവതനുജന്റെ വിഗ്രഹം
മിന്നിടുന്നതു കണ്ടു ശിഷ്യവ്രജം
ദിവ്യത തന്നിൽ മുങ്ങുന്നമാതിരി
നിർവ്യളീകമവക്കു തോന്നി തദാ.

ലൌകികങ്ങളാം ഭോഗസുഖങ്ങളെ-
യാകെത്താനൊരുമിച്ചു ചേത്തീടിലും
ലോകനായക ശിഷ്യക്കന്നുണ്ടായ
സൌഖ്യത്തിൻ പരമാണുവോടൊക്കുമോ?
മിന്നും മാലകൾ കങ്കണ കുണ്ഡല-
മെന്നുതൊട്ടുള്ള നാനാവിഭൂഷകൾ,
പൊന്നുകൊണ്ടു ചമച്ചവയാകയാ-
ലൊന്നുതന്നെ പലമട്ടിരിക്കിലും,
ധമ്മമൂത്തിയാമേശുതൻ മാംസാസ്ഥി-
ചമ്മരക്താദി നിശ്ശേഷധാതുക്കൾ,

നിർമ്മല ദിവ്യതത്വത്തിനാൽത്തന്നെ
നിർമ്മിതങ്ങൾ തെളിഞ്ഞു ശോഭിച്ചിതു.
സ്വീകരിച്ച തൻ നശ്വരദേഹത്തിൽ
പാകത്തിൽ ദിവ്യസത്വം നിറച്ചഹോ!
ശ്രീകരനാകുമേശുവെടുത്തു തൻ-
ശ്രീകരത്താലൊരപ്പമപ്പോൾത്തന്നെ.
കണ്ണിണ തെല്ലു ചിമ്മിയും വാമമാം-
പാണിതന്നുള്ളിൽ കാന്ദവമർപ്പിച്ചും,
ദക്ഷിണകരപല്ലവ,മായതിൻ-
മീതെ സാദരംവെച്ചു വിനീതനായ്.
സ്തോത്രംചെയ്താമഹാത്മാവു തൻ പ്രിയ-
ച്ഛാത്രന്മാക്കായതേകിയരുൾചെയ്തു:-
'ഗാത്രമെന്നുടെയാണിതെടുത്തതി-
മാത്രകൗതുകാൽ നിങ്ങൾ ഭുജിക്കുവിൻ.'
ക്രിസ്തുവിൻ തന്റെ ദിവ്യസൽപ്രേമമാം-
വസ്തുവൊന്നുതാനായതീയപ്പംതാൻ.
നിസ്തുലം ദിവ്യമാമീയനുഭവം
സിദ്ധമായ്ത്തദാ ശിഷ്യന്മാക്കൊക്കെയും.
അപ്പമായതശിച്ചിടുമച്ശിഷ്യ-
ക്കല്പമല്ലാതൊരാനന്ദമുണ്ടായി.
ചില്പമാനേശുവുള്ളിലായെന്നൊരു
കെല്പുകൂടുമുറപ്പവക്കുണ്ടായി.
സ്ഥൂലദേഹത്തിൻ ക്ഷുത്തല്പ തീത്തു
പേലവതരമപ്പമത്യത്ഭുതം.

പ്രാണദാഹമശേഷമടക്കുവാൻ
പ്രാണനാഥൻ കൊടുത്തതാണാവസ്തു.

പ്രീണനമാകും നല്ലൊരു ഭോജനം
ക്ഷീണം കായത്തിനെങ്ങിനെ പോക്കുന്നു,
മാനസപ്രീതി ചേൎത്തുടനാത്മാവിൻ-
ദീനത പോക്കിയപ്പമതങ്ങിനെ.

അത്ഭുതങ്ങളൊട്ടങ്ങാതെ ചെയ്യുമ-
ച്ചിത്സ്വരൂപൻെറ ദിവ്യകൎമ്മങ്ങളിൽ,
അത്ഭുതമിതുമാതിരി മററില്ലെ-
ന്നന്തികസ്ഥന്മാരെല്ലാം നിരൂപിച്ചു.

മാണിക്യമഞ്ജുരത്നത്തിൽ ചേണെഴും-
ശോണിമയ്ക്കേററം നാണംകൊടുപ്പതായ്
പീനശോഭമാം വീഞ്ഞെഴും ഭാജനം
പാണികൾരണ്ടുകൊണ്ടെടുത്താനേശു
സ്തോത്രംചെയ്തിമഹാത്മാവു തൻ പ്രിയ-
ച്ഛാത്രന്മാൎക്കായരുളിയരുൾചെയ്തു:-
'പാത്രത്തിലിതിലെൻ ചോരയാണതി-
മാത്രകൌതുകാൽ നിങ്ങൾ കുടിക്കുവിൻ.

ക്രിസ്തുവിൻ നിണം ദിവ്യസൽകാരുണ്യ-
വസ്തുവായതീ മുന്തിരിച്ചാറുതാൻ!
നിസ്തുലം ദിവ്യമാമീയനുഭവം
സിദ്ധമായ്ത്തദാ ശിഷ്യൎക്കശേഷവും.

സൌന്ദര്യത്തിന്റെ ശോണിതം ലാവണ്യം-
മഞ്ജുകാവ്യത്തിൻ ശോണിതംതാൻ രസം,
ജ്ഞാനത്തിനുള്ള ശോണിതമാനന്ദം,
പ്രേമത്തിൻ ശുദ്ധശോണിതം കാരുണ്യം.

ജീവനാളുന്ന തൃഷ്ണയകററുവാൻ
ജീവനായകൻ നൽകിയൊരാസവം,
പാനംചെയ്കയാലപ്പിവ്യശിഷ്യർതൻ-
മാനസം പരിതോഷത്തിലാണ്ടുപോയ്.

പിന്നെയുമരുൾ ചെയ്തിതാലോകേശൻ
ധന്യരാം നിങ്ങളൊക്കെയും കേൾക്കുവിൻ.
"ഇന്നുതൊട്ടെന്റെ രക്തത്താൽ സ്ഥാപിതം
ഉന്നത സ്നേഹമായ നവാഗമം.

ദൈവദൂതന്മാർ പാടിയ സംഗീത-
ഭാവുകസ്വനം മർത്ത്യർ ശ്രവിച്ചീല.
മാലശേഷമകന്നൊരു സച്ഛിഷ്യ-
ജാലമാനന്ദലീലയിൽ ലീനരായ്.

എങ്ങുതാൻപ്രേമ,മെങ്ങുതാൻ കാരുണ്യ-
മങ്ങു ക്രിസ്തുവാം ത്യാഗി വിളങ്ങുന്നു.
എങ്ങുതാൻ ദ്വേഷ,മെങ്ങുതാൻ ക്രോധവു-
മങ്ങു സാത്താന്റെയാന്ധ്യം കടക്കുന്നു.

പ്രേമസൂര്യകിരണമാം കാരുണ്യം
ക്ഷേമമാംപടി പററുന്നിടങ്ങളിൽ
ഭീമസാത്താനിയററും തമസ്സുകൾ
താമസിക്കാതകലുന്നിതാകവേ.

പ്രേമമേഘ രസമായ കാരുണ്യം
ക്ഷേമമാം പടിയെങ്ങു പതിക്കുന്നു,
ഭീമസ്വാത്താനാം ദാവമഹാനലൻ
താമസംവിനാ തത്ര കെട്ടിടുന്നു.
പ്രേമമേ ബലം, കാരുണ്യമേ ഗുണം,
ത്യാഗമേ ജയം, താഴ്മയേ ഭൂഷണം,
വിശ്രുതിപെററ യേശുവിൻ ദിവ്യമാം
**വിശ്വപ്രേമമേ,** നീ വിജയിക്കുക!!

165488
38416
032:1N036x
H1
21 NOV
MADRAS
MUL
165488

വിദ്വാൻ എം. ഒ. ...
കൃതികൾ

1. മഹാത്യാഗി 12 ണ. ...
സർദാർ പണിക്കർ, Dr. ...
ഐ. സി. ചാക്കൊ, Dr. ജോ...
റവ: ഫാദർ മാത്യു വടക്കേൽ തു...
രുടെ അഭിപ്രായങ്ങളും വിദ്വാൻ ...
അവർകൾ എഴുതിയ വ്യാഖ്യാന...
ട്ടുള്ള പ്രസ്തുത ഖണ്ഡകാവ്യം, മദ്രാ...
ക്കൂർ എന്നീ സർവ്വകലാശാലകളിൽനി...
മീഡിയററ്, സാഹിത്യവിശാരദ ഈ പരീക്ഷ...
കൾ പാഠ്യമായും, മദ്രാസ്, കൊച്ചി ടെക്സ്റ്റ്ബു...
ക്കുകമ്മററിക്കാർ സ്കൂൾലൈബ്രറികളിലെ ഉപയോ
ഗത്തിനായും അംഗീകരിച്ചിട്ടുള്ളതാണ്.

2. വീരവനിത 8 ണ. കൊച്ചിൻ T. B. C. 3rd Form പബ്ളിക്ക പരീക്ഷയ്ക്കു് നോൺഡീറേറയിൽഡായും തിരുവിതാംകൂർ, മദ്രാസ് T. B. C. കൾ സ്കൂൾ ലൈബ്രറി ഉപയോഗത്തിനും അംഗീകരിച്ചിട്ടുള്ള ഈ ഗദ്യഗ്രന്ഥം, കൊച്ചി മഹാരാജാവു തിരുമനസ്സിലെ ധർമ്മദാരങ്ങളായ V. K. ലക്ഷ്മിക്കുട്ടി വലിയനേത്യാരമ്മ അവർകളുടേയും, ഡി. പി. ഉണ്ണി അവർകളുടേയും അഭിപ്രായങ്ങളോടുകൂടിയതാകുന്നു.

3. മൂന്നുമഹതികൾ 4 ണ. സാഹിത്യനിപുണൻ ജോസഫ് മുണ്ടശ്ശേരി അവർകളുടേയും അമ്പാടി കാർത്ത്യായനിയമ്മ അവർകളുടേയും അഭിപ്രായങ്ങളോടുകൂടിയ ഈ ഗദ്യഗ്രന്ഥം കൊച്ചിൻ T. B. C. 2nd Form നോൺഡീറേറയിൽഡായി സ്വീകരിച്ചിരിക്കുന്നു.

[illegible] 6 ണ. Mgr. ജേക്കബ്ബ്
[illegible] ൽ, വ്യാകരണശിരോമണി R. രങ്കനാ
[illegible] ം എന്നിവരുടെ അഭിപ്രായങ്ങൾ ഉള്ള
[illegible] തിരുവിതാംകൂർ T. B. C. 3rd Form പ
[illegible] രീക്ഷയ്ക്കു് നോൺഡീറേറയിൽഡായും
[illegible] B. C. സ്കൂൾ ലൈബ്രറികളിലെ ഉപ
[illegible] ലേയ്ക്കും അംഗീകരിച്ചിട്ടുള്ളതു്.

[illegible] പ്രഭ്രംശനം 1 ക. (with P. V. Chacko.)
[illegible] പ്രപഞ്ചാനന്ദൻ പി. കെ. നാരായണപിള്ള
[illegible] കളുടെ അവതാരികയോടുകൂടിയ പ്രസ്തുത പ്ര
[illegible] ധം, പ്രാചീനരും, അർവ്വാചീനരുമായ കവി
കേസരികളുടെ ജീവിതസംഗ്രഹം ഉൾപ്പെട്ടതും മദ്രാ
സ് സർവ്വകലാശാലയിൽനിന്നും ഇൻറർമീഡിയേ
ററ് പരീക്ഷയ്ക്കു് ടെക്സ്ററ് ആയി നിശ്ചയിച്ചിട്ടു
ള്ളതുമാണു്.

6. **വിശ്വപ്രേമം** 12 ണ. കാവ്യകലാകുശലന്മാരാ
യ ഉള്ളൂർ, വടക്കുംകൂർ, മാത്തൻ തരകൻ എന്നിവ
രുടെ അഭിപ്രായങ്ങളുള്ള ഒരു ഖണ്ഡകാവ്യം.

7. **സാഹിത്യനേപത്ഥ്യം** I. 12 ണ.

8. **സാഹിത്യനേപത്ഥ്യം** II. 13 ണ.

9. **സാഹിത്യനേപത്ഥ്യം** III. 14 ണ.

വിവിധവിഷയങ്ങളെപ്പററി പ്രതിപാദിച്ചിട്ടുള്ള ഗ
ദ്യപദ്യലേഖനങ്ങൾ കലന്ന ഈ പ്രബന്ധങ്ങൾ
കൊച്ചിയിലെ പാഠപു[illegible] V,
VI ഫാറങ്ങളിലേക്കു് [illegible] കരി
ക്കപ്പെട്ടിരിക്കുന്നു.

MUL
165488

*Apply to:* M.RS. M. O. AVARA,
**VALLUVALLY,**
A. O. KOONAMMAVOO.
P. O. N. PARUR.

17 FEB 1956

22/2/56